# സംയോജിത ശിശു സംരക്ഷണ പദ്ധതി : കേരളം

## സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി മെമ്പർ സെക്രട്ടറിയുടെ നടപടിക്രമങ്ങൾ

(ഹാജർ : ശ്രീമതി റ്റി.വി.അനുപമ ഐ.എ.എസ്, ഡയറക്ടർ, വനിതാ ശിശു വികസന വകുപ്പ്)

വിഷയം : വനിതാ ശിശു വികസന വകുപ്പ്, തിരുവനന്തപുരം - കണ്ണൂർ തലശ്ശേരി ഗവ ചിൽഡ്രൻസ് ഹോം ഫോർ ഗേൾസ് - 2019-20 അദ്ധ്യയന വർഷം സ്ഥാപനത്തിലെ കുട്ടികളെ സ്കൂളിൽ കൊണ്ടു പോയി തിരികെ ഹോമിൽ എത്തിക്കുന്നതിനായി വാഹനവാടകയിനത്തിൽ 2019 ഡിസംബർ മുതൽ 2020 മാർച്ച് വരെയുള്ള തുക അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം : (1) ഈ കാര്യാലയത്തിൽ നിന്നുള്ള 17/10/2019-ലെ ഇതേ നമ്പർ ഉത്തരവ്.
(2) ഈ കാര്യാലയത്തിൽ നിന്നുള്ള 05/12/2019-ലെ ഇതേ നമ്പർ ഉത്തരവ്
(2) കണ്ണൂർ തലശ്ശേരി ഗവ ചിൽഡ്രൻസ് ഹോം ഫോർ ഗേൾസ് സൂപ്രണ്ടിന്റെ 19/11/2020. 01/12/2020 എന്നീ തീയതികളിലെ GCHGK/103/2019 നമ്പർ കത്തുകൾ.

## ഉത്തരവ് നമ്പർ : ICPS 2/3910/2019 തീയതി:18/12/2020

വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന കണ്ണൂർ തലശ്ശേരി ഗവ ചിൽഡ്രൻസ് ഹോം ഫോർ ഗേൾസിലെ കുട്ടികളെ 2019-20 അദ്ധ്യയന വർഷം അദ്ധ്യയന ദിവസങ്ങളിൽ വിവിധ സ്കൂളുകളിൽ കൊണ്ടു പോയി തിരികെ സ്ഥാപനത്തിൽ എത്തിക്കുന്നതിനായി കുറഞ്ഞ ക്വട്ടേഷൻ നിരക്കുകൾ രേഖപ്പെടുത്തിയ ശ്രീ.ഫസൽ.എം.പി, എം.പി ഹൗസ്, ചാലിൽ, തലശ്ശേരി എന്ന വ്യക്തിയുടെ ക്വട്ടേഷനുകൾ പരാമർശം ഒന്ന് ഉത്തരവ് പ്രകാരം അംഗീകരിച്ചിരുന്നു. പരാമർശം രണ്ട് ഉത്തരവ് പ്രകാരം 2019 ജൂൺ മുതൽ 2019 നവംബർ വരെ (അദ്ധ്യയന വർഷത്തിലെ ആദ്യ ആറ് മാസത്തേയ്ക്ക്) വാഹന വാടകയിനത്തിൽ 86,333/-രൂപ അനുവദിച്ചിരുന്നു. പരാമർശം മൂന്ന് പ്രകാരം 2019 ഡിസംബർ മാസം മുതൽ 2020 മാർച്ച് മാസം വരെ വാഹന വാടകയിനത്തിൽ ആവശ്യമായി വരുന്ന തുകയായ 59,200/-രൂപ അനുവദിക്കണമെന്ന് സ്ഥാപന സൂപ്രണ്ട് അപേക്ഷിച്ചിരിക്കുന്നു. 2019 ഡിസംബർ മുതൽ 2020 മാർച്ച് വരെ (4 മാസത്തേയ്ക്ക്) ആവശ്യമായി വരുന്ന തുകയുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

ക്വട്ടേഷൻ നമ്പർ : 1

ക്വട്ടേഷണറുടെ പേര് : ഫസൽ.എം.പി
സ്കൂളുകളുടെ പേര് : തിരുവങ്ങാട് ഗവ ഗേൾസ് ഹയർ സെക്കൻററി സ്കൂൾ, കുഞ്ഞാമ്പറമ്പ് യു.പി സ്കൂൾ

| നമ്പർ | കുട്ടികളുടെ എണ്ണം | ദൂരം | തുക | | 2019 ഡിസംബർ മുതൽ 2020 മാർച്ച് വരെ (4 മാസത്തേയ്ക്ക്) | അനുവദിക്കേണ്ട തുക |
|---|---|---|---|---|---|---|
| | | | 1കുട്ടിക്ക് ഒരു മാസത്തേയ്ക്ക് | 17 കുട്ടികൾക്ക് ഒരു മാസത്തേയ്ക്ക് | | |
| 1 | 17 | 4 KM | 650/-രൂപ | 11,050/-രൂപ | 11,050 X 4 = 44200/-രൂപ | 44,200/-രൂപ |
| | | | | | **ആകെ തുക** | **44,200/-രൂപ** |

ക്വട്ടേഷൻ നമ്പർ : 2

ക്വട്ടേഷണറുടെ പേര് : ഫസൽ.എം.പി
സ്കൂളുകളുടെ പേര് : തലശ്ശേരി ടൗൺ ഗവ ഹയർ സെക്കൻററി സ്കൂൾ

| നമ്പർ | കുട്ടികളുടെ എണ്ണം | ദൂരം | തുക | | 2019 ഡിസംബർ മുതൽ 2020 മാർച്ച് വരെ (4 മാസത്തേയ്ക്ക്) | അനുവദിക്കേണ്ട തുക |
|---|---|---|---|---|---|---|
| | | | 1കുട്ടിക്ക് ഒരു മാസത്തേയ്ക്ക് | 5 കുട്ടികൾക്ക് ഒരു മാസത്തേയ്ക്ക് | | |
| 1 | 5 | 6 KM | 750/-രൂപ | 3,750/-രൂപ | 3,750 X 4 = 15,000/-രൂപ | 15,000/-രൂപ |
| | | | | | **ആകെ തുക** | **15,000/-രൂപ** |

PTO

| Abstract | | |
|---|---|---|
| ക്രമനമ്പർ | ക്വട്ടേഷൻ | ക്വട്ടേഷൻ പ്രകാരം 2019 ഡിസംബർ മുതൽ 2020 മാർച്ച് വരെ (4 മാസത്തേയ്ക്ക്) അനുവദിക്കേണ്ട തുക |
| 1 | ക്വട്ടേഷൻ നമ്പർ 1 (2019 ഡിസംബർ മുതൽ 2020 മാർച്ച് വരെ) | 44,200/-രൂപ |
| 2 | ക്വട്ടേഷൻ നമ്പർ 2 (2019 ഡിസംബർ മുതൽ 2020 മാർച്ച് വരെ) | 15,000/-രൂപ |
| | ആകെ തുക | 59,200/-രൂപ |
| | | (അൻപത്തി ഒൻപതിനായിരത്തി ഇരുനൂറു രൂപ മാത്രം) |

ടി സാഹചര്യത്തിൽ സൂപ്രണ്ടിന്റെ അപേക്ഷ പരിഗണിച്ച് 2019-20 അദ്ധ്യയന വർഷം കണ്ണൂർ തലശ്ശേരി ഗവ ചിൽഡ്രൻസ് ഹോം ഫോർ ഗേൾസിലെ കുട്ടികളെ സ്ഥാപനത്തിൽ നിന്നും അദ്ധ്യയന ദിവസങ്ങളിൽ രാവിലെ കുട്ടികൾ പഠിക്കുന്ന വിവിധ സ്കൂളുകളിലേയ്ക്ക് കൊണ്ടു പോകുന്നതിനും, വൈകിട്ട് തിരിച്ച് ഹോമിലേയ്ക്ക് കൊണ്ടു വരുന്നതിനുമായി 2019 ഡിസംബർ മുതൽ 2020 മാർച്ച് വരെ (4 മാസത്തേയ്ക്ക്) മേൽപ്പട്ടിക പ്രകാരമുള്ള തുകയായ 59,200/-രൂപ (അൻപത്തി ഒൻപതിനായിരത്തി ഇരുനൂറു രൂപ മാത്രം) അനുവദിച്ച് ഉത്തരവാകുന്നു

ടി തുക (59,200/-രൂപ) നടപ്പു സാമ്പത്തിക വർഷത്തെ ഐ.സി.പി.എസ് ശീർഷകമായ 2235-02-102-61 (P) 34 OC-യിൽ നിന്നും കണ്ണൂർ ജില്ലാ വനിത ശിശു വികസന ഓഫീസർക്ക് അലോട്ട്മെന്റ് ആയി നൽകേണ്ടതാണ്. ജില്ലാ വനിത ശിശു വികസന ഓഫീസർ ടി തുക കണ്ണൂർ തലശ്ശേരി ഗവ ചിൽഡ്രൻസ് ഹോം ഫോർ ഗേൾസ് സൂപ്രണ്ടിന് അലോട്ട്മെന്റ് ആയി നൽകേണ്ടതാണ്. സ്ഥാപനസൂപ്രണ്ട് ടി തുകയുടെ റസീപ്റ്റ്, ധനവിനിയോഗ സർട്ടിഫിക്കേറ്റ്, എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

(ഒപ്പ്)
ഡയറക്ടർ,
വനിതാ ശിശു വികസന വകുപ്പ്
ആൻഡ് മെമ്പർ സെക്രട്ടറി
(എസ്.സി.പി.എസ്)

ജില്ലാ വനിത ശിശു വികസന ഓഫീസർ
കണ്ണൂർ

<u>പകർപ്പ്</u>

1. സുപ്രണ്ട്
   ഗവ ചിൽഡ്രൻസ് ഹോം ഫോർ ഗേൾസ്
   തലശ്ശേരി, കണ്ണൂർ
2. സൂപ്രണ്ട്, അലോട്ട്മെന്റ് സെക്ഷൻ
   (അലോട്ട്മെന്റ് നൽകുന്നതിനു വേണ്ടി)
3. ഐ.സി.പി.എസ് - 4
   (ബന്ധപ്പെട്ട രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തൽ വരുത്തണം)
4. സ്റ്റോക്ക് ഫയൽ
   സ്പെയർ കോപ്പി

OFFICE OF THE INTEGRATED CHILD PROTECTION SCHEME
THIRUVANANTHAPURAM-12
WOMEN & CHILD DEVELOPMENT DEPARTMENT

ഉത്തരവിൻപ്രകാരം
സൂപ്രണ്ട്